# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4673      19/05/2017-ലെ മറുപടിയ്ക്ക്

## വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. സി.കെ.ഹരീന്ദ്രൻ | | ശ്രീ.എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും, നിയമവും സാംസ്കാരികവും, പാർലമെന്ററികാര്യവും വകുപ്പമന്ത്രി) |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിനായി എന്തൊക്കെ രേഖകളാണ് സമർപ്പിക്കേണ്ടത് എന്നു വ്യക്തമാക്കാമോ; | (എ) | ക്യാൻസർ, ഹൃദയ ശസ്ത്രക്രിയ, വൃക്കമാറ്റിവയ്ക്കൽ , ഡയാലിസിസ്, ബ്രെയിൻ ട്യൂമർ, പക്ഷാഘാതം, ഹീമോഫീലിയ തുടങ്ങിയ മാരകരോഗങ്ങളുടെ ചികിത്സയ്ക്കുള്ള ധനസഹായത്തിനായി അപേക്ഷകന്റെ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ സഹിതം നിശ്ചിത അപേക്ഷാഫോറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. തീപിടുത്തംമൂലം വീട് നഷ്ടപ്പെടുക, പ്രകൃതിക്ഷോഭംമൂലം വസ്തുവകകൾക്ക് നഷ്ടമുണ്ടാകുക എന്നിവയ്ക്കുള്ള ധനസഹായത്തിനായി അപേക്ഷകന്റെ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, ബന്ധപ്പെട്ട തഹസീൽദാരുടെ റിപ്പോർട്ട് എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. കുടുംബത്തിന്റെ ഏക വരുമാനദായകന്റെ അപകട മരണത്തെ തുടർന്നുള്ള ധനസഹായത്തിന് അപേക്ഷകന്റെ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, ബന്ധപ്പെട്ട തഹസീൽദാരുടെ റിപ്പോർട്ട്, മരണ സർട്ടിഫിക്കറ്റ് എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി-പട്ടികവർഗ വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിനായി പാറശ്ശാല മണ്ഡലത്തിൽ നിന്നുള്ള എത്ര അപേക്ഷകൾ ലഭിച്ചുവെന്നും അതിൽ എത്ര അപേക്ഷകൾക്ക് എത്ര രൂപ വീതം | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പാറശ്ശാല മണ്ഡലത്തിൽ നിന്നും പട്ടികജജാതി വിഭാഗത്തിൽ 186 അപേക്ഷകൾ ലഭിച്ചു. അതിൽ 169 അപേക്ഷകർക്ക് 29,75,500/-രൂപ വിതരണം ചെയ്തു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

<table>
<tr>
<td></td>
<td>സഹായം ലഭ്യമാക്കി എന്നുമുള്ള വിശദാംശങ്ങൾ നൽകാമോ?</td>
<td></td>
<td>
<table>
<tr><th>അനുവദിച്ച തുക</th><th>എണ്ണം</th><th>ആകെ തുക</th></tr>
<tr><td>50000</td><td>12</td><td>600000</td></tr>
<tr><td>40000</td><td>1</td><td>40000</td></tr>
<tr><td>35000</td><td>1</td><td>35000</td></tr>
<tr><td>30000</td><td>5</td><td>150000</td></tr>
<tr><td>25000</td><td>18</td><td>450000</td></tr>
<tr><td>20000</td><td>23</td><td>460000</td></tr>
<tr><td>15000</td><td>46</td><td>690000</td></tr>
<tr><td>12500</td><td>4</td><td>50000</td></tr>
<tr><td>10000</td><td>42</td><td>420000</td></tr>
<tr><td>7500</td><td>1</td><td>7500</td></tr>
<tr><td>5000</td><td>13</td><td>65000</td></tr>
<tr><td>3000</td><td>1</td><td>3000</td></tr>
<tr><td>2500</td><td>2</td><td>5000</td></tr>
<tr><td>ആകെ</td><td>169</td><td>2975500</td></tr>
</table>
പട്ടികവർഗ്ഗ വിഭാഗത്തിൽ പാറശ്ശാല മണ്ഡലത്തിൽ നിന്നും ഒരു അപേക്ഷ ലഭിക്കുകയും അതിന് 50,000/-രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.
</td>
</tr>
</table>

**സെക്ഷൻ ഓഫീസർ**